# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2277

## 07-02-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതികളുടെ കാലതാമസം

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിവിധ ബജറ്റുകളിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനുമായി പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; | വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും അതിനുശേഷം പദ്ധതി നടപ്പിലാക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് വിശദമായ പരിശോധനയ്ക്കു ശേഷം തൃപ്തികരമാണെങ്കിൽ കിഫ്ബിയുടെ എക്സിക്യൂട്ടീവ് / ബോർഡ് യോഗം അംഗീകരിച്ച് ധനാനുമതി നൽകിവരുന്നു. പദ്ധതികൾ പൂർത്തിയാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി രേഖയിൽ പദ്ധതികൾ പൂർത്തിയാക്കേണ്ട കാലാവധി നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ പദ്ധതിയുടേയും സ്വഭാവമനുസരിച്ച് പൂർത്തീകരിക്കേണ്ട കാലയളവ് വ്യത്യസ്തമായിരിക്കും. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗങ്ങൾ ആവശ്യാനുസരണം നടത്തി വരുന്നു. |
| (ബി) പ്രഖ്യാപിച്ച പല പദ്ധതികളും സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഭൂമി ഏറ്റെടുക്കൽ ജോലികൾ വേഗത്തിലും സമയബന്ധിതമായും നടത്തുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ നാലു മേഖലകളിലായി പ്രത്യേക എൽ.എ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയുടെ ഒൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം |

| | |
|---|---|
| | തീരുമാനിക്കുകയും പ്രസ്തുത എൽ.എ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശയിന്മേൽ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ എന്നറിയിക്കാമോ? | കിഫ്ബിയുടെ ഓൺലൈൻ സംവിധാനം വഴി ലഭ്യമായ വിവരങ്ങളുടെ വിലയിരുത്തലിനു പുറമേ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടേയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗങ്ങൾ ആവശ്യാനുസരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ